"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - പാലക്കാട് ജില്ലയിലെ വിളയൂർ ഗ്രാമപഞ്ചായത്തിലെ ഒടുപാറ ലക്ഷം വീട്ടു കോളനിയിലെ 24 കുടുംബങ്ങൾക്കുള്ള ഭവന നിർമ്മാണം പ്രോജക്ട് ആയി നടപ്പാക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡി.ഇ) വകുപ്പ്**

G.O.(Rt)No.508/2023/LSGD തീയതി,തിരുവനന്തപുരം, 28-02-2023

---

പരാമർശം:-
1. സ.ഉ(സാധാ) നം. 314/2022/തസ്വഭവ തീയതി 12/02/2022
2. വിളയൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 30/08/2022 ലെ 2(3) നമ്പർ തീരുമാന.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ ഓർഡി നേഷൻ കമ്മിറ്റിയുടെ 15/10/2022 ലെ യോഗ തീരുമാനം.

**ഉത്തരവ്**

വിളയൂർ ഗ്രാമപഞ്ചായത്തിലെ ഒടുപാറ ലക്ഷം വീട്ടു കോളനിയിൽ 14 ഒറ്റവീടുകളിലും 5 ഇരട്ട വീടുകളിലുമായി താമസിക്കുന്ന 24 കുടുംബങ്ങൾക്ക് വീട്ടു നിർമ്മിച്ചു നൽകാൻ പരാമർശം (1) ഉത്തരവു പ്രകാരം അനുമതി നൽകിയിരുന്നു. ഇവർ 2020 —ലെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതാണ്. ലൈഫ് പദ്ധതിയ്ക്കായി മാറ്റി വച്ചിരിക്കുന്ന 20 ശതമാനം തുകയ്ക്ക് പുറമെ വേണം ഇതിനുള്ള വിഹിതം കണ്ടെത്തേണ്ടതെന്നും നിർദ്ദേശിച്ചിരുന്നു. ഈ കുടുംബങ്ങൾക്ക് വീട്ടു നിർമ്മിക്കുന്നതിനായി പ്രത്യേകമായി ഒരു പ്രോജക്ട് എടുത്ത് നടപ്പാക്കാൻ അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം വിളയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2. 15/10/2022 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി ഈ വിഷയം പരിശോധിച്ചു. വിളയൂർ ഗ്രാമപഞ്ചായത്തിലെ ഒടുപാറ ലക്ഷം വീട്ടു കോളനിയിൽ 14 ഒറ്റവീടുകളിലും 5 ഇരട്ട വീടുകളിലുമായി താമസിക്കുന്ന 24 കുടുംബങ്ങൾക്ക് വീട്ടു നിർമ്മിച്ചു നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുന്നതിന്, ഭവനം നിർമ്മിക്കുന്നതിനുള്ള വിഹിതം ലൈഫ് പദ്ധതിയ്ക്കായി മാറ്റി വച്ചിരിക്കുന്ന (20 ശതമാനം) തുകയ്ക്ക് പുറമെ ആയിരിക്കണം, ലൈഫ് ഭവന പദ്ധതിയിലെ മറ്റു മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ് എന്നീ നിബന്ധനകളോടെ, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR G
ADDITIONAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം

ഡയറക്ടർ(റൂറൽ),തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം

സെക്രട്ടറി, വിളയൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട്.

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ഇ)/ഓഡിറ്റ്), തിരുവനന്തപുരം

തദ്ദേശ സ്വയംഭരണ(ഡി.എ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba S C

Date: 28-02-2023 12:57:09

സെക്ഷൻ ഓഫീസർ